**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 165 07.12.2015-ലെ മറുപടിക്ക്**

**"സംയോജിത ചെക്ക്പോസ്റ്റ്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ. വി.ഡി.സതീശൻ,<br>ശ്രീ. വർക്കല കഹാർ,<br>ശ്രീ. കെ. ശിവദാസൻ നായർ. | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സംയോജിത ചെക്ക്പോസ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 01.09.2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27.11.2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക് നീക്കം സുഗമവും വേഗത്തിലുമാക്കുക. ചരക്ക് വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക് പോസ്റ്റുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തി വിടുന്നതിന് സാദ്ധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും. |

→

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | വാളയാർ, മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ബംഗ്രമഞ്ചേശ്വരത്ത് ഇതിനായി 9. 33 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇവിടെ സംയോജിത ചെക്ക് പോസ്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാറ്റ്പാക്കിനെ കൊണ്ട് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തിരം നാറ്റ്പാക്കിനെ കൺസൾട്ടൻസിയായി അംഗീകരിച്ച് ഒരു മാർഗ്ഗ ദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു. വാളയാറിൽ സംയോജിത ഇൻ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി കണ്ടെത്തിയ 12.49 ഹെക്ടർ സ്ഥലം പാരിസ്ഥിതിക ആഘാതമുള്ളതാണെന്ന് നിയമസഭ പരിസ്ഥിതിസമിതി കണ്ടെത്തിയിട്ടുള്ളതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തി ആയത് വാണിജ്യ നികുതി വകുപ്പിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വാണിജ്യ നികുതി വകുപ്പിന്റെ കൈവശത്തിലുള്ള വാളയാർ ഔട്ട് ചെക്ക്പോസ്റ്റിലെ 1.3 ഏക്കർ സ്ഥലത്ത് ചെക്ക് പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 7,27,60,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി തെന്മലയിലെ വനഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നിലവിലെ ചെക്ക് പോസ്റ്റ് വിപുലീകരിച്ച് സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റ് ആക്കുന്നതിലേയ്ക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് |

→

| | | |
|---|---|---|
| | | ആവശ്യപ്പെട്ടിട്ടുണ്ട്. വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ വനഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ.**